# ട്രെയിനർ

July-August Vol. No. 1 Issue : 5

വചനത്തിൽ വളരാൻ......

വചനത്തിൽ വേരൂന്നാൻ......

എഡിറ്റോറിയൽ

# നേതൃത്വമാറ്റം

ക്രിസ്തുവിൽ പ്രിയരെ,

പുതിയൊരു ഭരണമാറ്റമാണ് നമ്മുടെ രാജ്യത്ത് നിലവിൽ വന്നിരിക്കുന്നത്. പുതിയൊരു ഭരണം വന്നതറിഞ്ഞ് ക്രിസ്ത്യാനികളായ നാം തെല്ലും ആശങ്ക പ്പെടേണ്ട കാര്യമില്ല. കാരണം പ്രധാനമന്ത്രിയായി സ്ഥാനം ഏറ്റെടുത്ത ബഹു. മോദിയുടെ അദ്ധ്വാനത്തിന്റെയും കഴിവിന്റെയും ഫലമാണ് ഈ വിജയം എന്ന് അവകാശപ്പെടുന്നവർ ഉണ്ടെങ്കിലും വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ദൈവമാണ് തന്നേ നേതൃസ്ഥാനത്തേയ്ക്ക് ഉയർത്തിയതെന്ന് മനസ്സിലാക്കാൻ സാധിക്കും. ദൈവം അറിയാതെയും ദൈവത്തിന്റെ സമ്മതമില്ലാതെയും ആരും നേതൃ സ്ഥാനത്തു എത്തുന്നില്ല. രാജാവിന്റെ ഹൃദയം യഹോവയുടെ കയ്യിൽ നീർത്തോ ടുകണക്കേ ഇരിക്കുന്നു എന്നും ദൈവത്തിന്റെ ഇഷ്ടപ്രകാരമാണ് അതിൽ നിന്ന് തീരുമാനങ്ങൾ പുറപ്പെടുന്നതെന്നും രാജാവായിരുന്ന ശലോമോൻ തന്നെ പറ യുകയുണ്ടായി (സദൃ. 21:1).

ഇനി സുവിശേഷത്തിനും സുവിശേഷ പ്രവർത്തനങ്ങൾക്കും തടസ്സം നേരി ടേണ്ടിവരും എന്ന് ആവലാതിപ്പെടുന്ന നാം ആദിമ സഭകൾ വളർന്നത് പ്രശ്ന ങ്ങളുടെയും പ്രതികൂലങ്ങളുടെയും നടുവിലൂടെയായിരുന്നു എന്ന് ഓർക്കണം. നൂറ്റാണ്ടുകൾ പിന്നിടുന്ന സഭയ്ക്ക് വാളിന്റെയും, രക്തസാക്ഷികളുടെയും, പീഡ നങ്ങളുടെയും തടവറകളുടെയും കഥകൾ പറയുവാനുണ്ട് പാതാള ഗോപുരങ്ങൾ ജയിക്കില്ല എന്നു പറഞ്ഞ കർത്താവിന്റെ വാക്കുള്ളതിനാൽ പ്രതികൂലം എത്ര വലിയതുവന്നാലും നമ്മുക്കു പറയാം അങ്ങ് വീട്ടിൽ എത്തുവോളം സഭ തന്റെ യാത്ര പ്രതികൂലങ്ങളെ അതിജീവിച്ച തുടരുകതന്നെ ചെയ്യും.

എല്ലാം നന്മയ്ക്കായി ചെയ്യുന്ന നമ്മുടെ കർത്താവ് വരുത്തിയ ഈ ഭരണ മാറ്റവും നന്മയക്ക് തന്നെയാണ്. പുതിയ നിയമ സഭയ്ക്ക് ഉണ്ടായിരിക്കേണ്ട ഐക്യ തയും, സ്നേഹവും, കൂട്ടായ്മയും, വാക്കുകളിലും പുസ്തകതാളുകളിലും മാത്രം അവശേഷിക്കുന്ന കാഴ്ച പലയിടത്തും പ്രകടമാണ്. ആശയവ്യത്യാസം സംഘട നാവ്യത്യാസം, ജാതിവ്യത്യാസം, സാമ്പത്തിക നിലവാര വ്യത്യാസം തുടങ്ങി ഒട്ട നേകം കാര്യങ്ങൾ പറഞ്ഞ് പല ചേരികളായി തിരിഞ്ഞ് പ്രവർത്തിക്കുന്ന പ്രവർത്തനത്തിന് ഒരു അവസാനം ഉണ്ടാക്കുവാനും ഐക്യതയും സ്നേഹവും കൂട്ടായ്മയും നിലനിന്ന് വിശ്വാസികൾ പ്രാർത്ഥനയിലേക്ക് മടങ്ങിവന്ന് കർത്താ വിനെ സ്നേഹിക്കുന്നവരായി മാറാനും ഈ ഭരണം കാരണമായെങ്കിൽ നന്നാ യിരുന്നു.

ഭരണവും നേതാക്കളും മാറി മാറി വന്നാലും വിശ്വാസികളായ നമ്മുക്കുള്ള ഉത്തരവാദിത്വം അവരെ ഓർത്ത് പ്രാർത്ഥിക്കുക, കർത്താവിൽ അവർക്ക് കീഴ്പ്പെ ടുക എന്നതാണ് ആവർത്തനപുസ്തകത്തിന്റെ അവസാന താളുകളിലേക്ക് വരു മ്പോൾ യഥാർത്ഥ നേതാവായ മോശെ തന്റെ ശിഷ്യനായിരുന്ന യോശുവായ്ക്ക് നേതൃത്ത സ്ഥാനം കൈമാറുന്നത് കാണുവാൻ സാധിക്കും. ഇനി മുതൽ യിസ്രാ യേൽ ജനം പിൻചെല്ലേണ്ടതും അനുസരിക്കേണ്ടതും യോശുവായെയാണ്. നേതൃത്ത മാറ്റവും ഭരണമാറ്റവും കർത്താവിന്റെ പ്രവർത്തിയാണെന്ന് മനസ്സിലാക്കി പ്രാർത്ഥിച്ചും അനുസരിച്ചും നമ്മുക്ക് ജീവിക്കാം.

എന്ന് കർത്താവിൽ നിങ്ങളുടെ സഹോദരൻ

**സുവി. ജോൺസൺ ലാസർ, ഉപ്പുകുന്ന്**

# ആവർത്തന പുസ്തകം

യഹൂദനായി ജനിച്ച് മിസ്രായിമ്യ രാജ്ഞിയുടെ മകനായി വളർന്ന് യിസ്രായേലിന്റെ ഉദ്ധാരഹനായി മാറിയ മോശെയുടെ അവസാനത്തെ ഗ്രന്ഥമാണ് ആവർത്തന പുസ്തകം. മോശെയുടെ ആദ്യത്തെ നാലു പുസ്തകങ്ങളിൽ അടങ്ങിയിട്ടുള്ള ദൈവത്തിന്റെ കല്പനകളെ ഈ ഗ്രന്ഥത്തിൽ സംഗ്രഹിച്ച് പറയുന്നതിനാൽ ഇത് രണ്ടാം ന്യായപ്രമാണ പുസ്തകമായും അറിയപ്പെടുന്നു. 120 വയസ്സുള്ള മോശെ കനാനോടു അടുത്തു നില്ക്കുന്ന യിസ്രായേൽ ജനത്തോടു പ്രസംഗിക്കുന്ന മൂന്നു പ്രഭാഷണങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. നമ്മുടെ കർത്താവായ യേശുക്രിസ്തു താൻ സാത്താനാൽ പരീക്ഷിക്കപ്പെട്ടപ്പോഴും വിവാഹ ബന്ധത്തെക്കുറിച്ച് പറഞ്ഞപ്പോഴും ഉദ്ദരിച്ച ഭാഗങ്ങൾ ആവർത്തനപു സ്തകത്തിലേതാണ് (മത്തായി. 4: 4, 7:10, 22: 34-40; 19: 38).

കർത്താവായ യേശുക്രിസ്തു മോശെയെപ്പോലെ ഒരു പ്രവാചക നായിരിക്കും എന്ന വെളിപ്പെടുത്ത ഈ പുസ്തകം കനാനിൽ പ്രവേശി ക്കുന്നതിനു മുൻപ് ദൈവത്തിന്റെ വീര്യപ്രവർത്തികളും, വാഗ്ദാനങ്ങളും യിസ്രായേലിന്റെ പുതിയ തലമുറയെ ഓർമ്മിപ്പിക്കുന്നതിനും വിശ്വാസ ത്തിന്റെയും അനുസരണത്തിന്റെയും ധാർമ്മിക ബാദ്ധ്യത ബോധ്യപ്പെ ടുത്താനുമായി എഴുതപ്പെട്ടതാണ്. ആയതിനാൽ ഈ പുസ്തകത്തിൽ Ìഓർക്കുകÎ Ìമറക്കരുത്Î എന്ന താക്കീത് യിസ്രായേൽ മക്കൾക്കായി നൽകിയിരിക്കുന്നു. ദൈവത്തെ വിശ്വസിച്ച് അവന്റെ കല്പനകൾ അനു സരിച്ചാൽ ദൈവീക വാഗ്ദാനങ്ങൾ അവകാശമാക്കുവാൻ കഴിയുമെന്നും നേരെ മറിച്ച് വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും അഭാവം പരാജയവും ന്യായവിധിയും വിളിച്ചു വരുത്തുമെന്നും ഈ പുസ്തക ത്തിൽ ഊന്നിപ്പറയുന്നു. ഈ പുസ്തകം മോശെയുടെ അവസാനത്തെ പുസ്തകമായതിനാൽ ഇത് മോശെയുടെ യാത്ര ചോദിക്കലായും കണ ക്കാക്കപ്പെടുന്നു.

മോശെയുടെ മരണത്തിൽ യിസ്രായേൽ മക്കൾ യെരിഹോവിനും യോർദ്ദാൻ നദിക്കും കിഴക്കുള്ള മോവാബ് സമഭൂമിയിൽ വച്ച് വിലപി ക്കുന്ന കാലഘട്ടമുൾപ്പടെ ഏതാണ്ട്. രണ്ട് മാസത്തെ സംഭവങ്ങളാണ് ഈ പുസ്തകത്തിലുള്ളത്.

# ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| അദ്ധ്യായങ്ങൾ | – | 34 |
| വാക്യങ്ങൾ | – | 958 |
| ചോദ്യങ്ങൾ | – | 33 |
| ചരിത്രപരമായ വാക്യങ്ങൾ | – | 690 |
| നിവൃത്തിയായ പ്രവചനങ്ങൾ | – | 230 |
| നിവൃത്തിയാകാനുള്ള പ്രവചനങ്ങൾ | – | 37 |
| ആജ്ഞകൾ | – | 519 |
| വാഗ്ദാനങ്ങൾ | – | 47 |
| മുന്നറിയിപ്പുകൾ | – | 497 |

വാക്യം : 10:12, 13
വാക്ക് :
**നിയമം**

## പത്ത് കല്പനകൾ

**മൂ**വായിരത്തിലധികം വർഷങ്ങൾക്ക് മുമ്പ് തന്റെ സ്വന്ത ജനത്തിന് തന്നെ അനുസരിക്കുവാനും നല്ല ധാർമ്മിക ജീവിതം നയിക്കുവാനുമായി ദൈവം തന്റെ വിരലുകൾകൊണ്ട് എഴുതിയ പത്ത് കല്പനകളിൽ ആദ്യത്തെ നാല് കല്പനകൽ ദൈവവും മനുഷ്യനുമായുള്ള ബന്ധവും ബാക്കി ആറ് കല്പനകൾ മനുഷ്യനും മനുഷ്യനും തമ്മിൽ ഉണ്ടാകേണ്ട ബന്ധത്തെയും പ്രതിപാദിക്കുന്നു. നൂറ്റാണ്ടുകൾ പഴക്കമുണ്ടെങ്കിലും ആധുനിക മനുഷ്യന്റെ ആത്മീയവും ധാർമ്മികവുമായ ജീവിതത്തിന് അടിസ്ഥാനമായിരിക്കുന്നത് പത്ത് കല്പനകൾ തന്നെയാണ്. പത്ത് കല്പനയുടെ സാരാംശം ഇപ്രകാരമാണ് (അദ്ധ്യായം 5.):

1. യഹോവയല്ലാതെ അന്യദൈവങ്ങൾ നിങ്ങൾക്ക് ഉണ്ടാകരുത്.
2. യഹോവയെ മാത്രം ആരാധിക്കുക; വിഗ്രഹങ്ങൾ ഉണ്ടാക്കരുത്
3. യഹോവയുടെ നാമം വൃഥാ എടുക്കരുത്
4. ശബ്ബത്തുനാൾ ശുദ്ധീകരിക്ക; ആ ദിവസം ദൈവത്തിനായി മാറ്റി വയ്ക്കുക.
5. ദീർഘായുസ്സിനായി മാതാപിതാക്കളെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.
6. മനുഷ്യജീവന് ബഹുമാനം നൽകുക, കുലചെയ്യരുത്
7. ധർമ്മികതയുള്ളവരായി ജീവിക്കുക; വ്യഭിചാരം ചെയ്യരുത്
8. ദൈവം തന്നതിൽ സംതൃപ്തരായി ജീവിക്കുക; മോഷ്ടിക്കരുത്
9. മറ്റൊരാൾക്ക് ദോഷം ഉണ്ടാക്കുന്നതൊന്നും പറയാതിരിക്കുക; കള്ള സാക്ഷ്യം പറയരുത്.
10. ദൈവം നമുക്കായി തന്നിട്ടുള്ളതിൽ മാത്രം സംതൃപ്തരാകുകയും ആഹ്ലാദിക്കുന്നവരായും ജീവിക്കുക; മോഹിക്കരുത്.

പത്ത് കല്പനകളിൽ ഒൻപതും പുതിയ നിയമത്തിലെ ലേഖനഭാഗങ്ങളിൽ ആവർത്തിച്ചിട്ടുള്ളതിനാൽ അവ അനുസരിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. ശബത്തിനെക്കുറിച്ചുള്ള കല്പന യഹൂദന് മാത്രമുള്ളതിനാൽ നമുക്ക് അത് ബാധകമല്ല (റോമർ 14: 19). എന്നാൽ യഹൂദ ജനം ശബത്ത് ആചരിക്കുവാനായി കല്പന നൽകിയപ്പോൾ പറഞ്ഞിരിക്കുന്ന സംഭവം സാർവ്വത്രികമാണ്. ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം ക്രമത്തിന്റെ ദൈവമാണ്. തന്റെ ജനം ക്രമംകെട്ട് നടക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാം ക്രമമായി ചെയ്ത് മനുഷ്യജീവിതത്തിന് ക്രമം വച്ച ദൈവം സകലവും ഒറ്റദിവസം കൊണ്ട്  സൃഷ്ടിക്കാമായിരുന്നിട്ടും ആറ് ദിവസം സൃഷ്ടികർമ്മത്തിനായി എടുത്ത് ഏഴാം ദിവസം വിശ്രമിച്ചത് ആറുദിവസം അദ്ധ്യാനവും ഒരു ദിവസം വിശ്രമമവും എന്ന ക്രമം മനുഷ്യനെ പഠിപ്പിക്കാനാണ്. ആ ക്രമം നാം ഇന്നും പാലിക്കേണം.

## മാതാപിതാക്കൾ

**വി**ശ്വാസിയായ അന്നുമുതൽ പ്രാർത്ഥനയിലും സ്തോത്രത്തിലും കേട്ട് തഴമ്പിച്ച വാചകമാണ് മക്കൾ ദാനമാണെന്നുള്ളത്. എന്നാൽ വേദപുസ്തകത്തിൽ മക്കൾ ദാനമാണെന്നു പറഞ്ഞിട്ടില്ലെന്നു മാത്രമല്ല ആരും മക്കളെ ദാനമായി തരണമെന്ന് പ്രാർത്ഥിച്ചും ഇല്ല. വചനം പറയുന്നു 'മക്കൾ യഹോവ നല്കുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും ആകുന്നു (സങ്കീ. 127: 3). ദാനങ്ങൾ ലഭിക്കുന്നത് അനർഹർക്കും അവകാശം ലഭിക്കുന്നത് അർഹതയുള്ളവർക്കുമാണ്. ദൈവീക വ്യവസ്ഥയായ വിവാഹത്തിലൂടെ ഒന്നായിത്തീരുന്നവർ അർഹരാണെന്നുള്ളതിന് തർക്കമില്ല. ദൈവം നമുക്ക് അവകാശമായി തന്ന മക്കളുടെമേൽ നമുക്ക് ഉത്തരവാദിത്വവും ചുമതലകളും ഉണ്ട്. ആ ഉത്തരവാദിത്തങ്ങളെക്കുറിച്ച് പരാമർശിച്ചിരിക്കുന്ന പുസ്തകങ്ങളിൽ ഒന്ന് ആവർത്തനപുസ്തമാണ്. മാതാപിതാക്കൾ ചെയ്യേണ്ട 12 കാര്യങ്ങൾ താഴെ നൽകിയിരിക്കുന്നു.

1. ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം (6: 5)
2. ദൈവത്തിന്റെ വചനം ഹൃദയത്തിൽ സൂക്ഷിക്കണം (6:6)
3. ദൈവത്തിന്റെ വചനം മക്കൾക്ക് ഉപദേശിച്ച് കൊടുക്കണം (6:7, 20-25)
4. വീട്ടിൽ ഇരിക്കുമ്പോഴും വഴിയിൽകൂടി നടക്കുമ്പോഴും, കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും മക്കളോടു ദൈവവചനം സംസാരിക്കണം (6:7)
5. ദൈവവചനം കൈയ്യിൽ അടയാളമായും കണ്ണുകൾക്ക് മദ്ധ്യേ പട്ടമായും ഇരിക്കേണം (6:8)
6. ദൈവവചനം കട്ടിളമേലും പടിവാതിലിന്മേലും എഴുതിവയ്ക്കണം (6:9)

7. സമൃദ്ധിയിലും വിജയത്തിലും യഹോവയെ ഓർക്കണം. അവനെ ആരാധിക്കണം (6:10-12)
8. യഹോവയെ ഭയപ്പെട്ട് അവന്റെ നാമത്തിൽ സത്യം ചെയ്യണം (6:13)
9. അന്യദൈവങ്ങളെ ആരാധിക്കുകയോ വണങ്ങുകയോ ചെയ്യരുത് (6:14)
10. ദൈവമായ യഹോവയെ പരീക്ഷിക്കരുത് (6:16)
11. യഹോവയുടെ കല്പനകളും സാക്ഷ്യങ്ങളും ചട്ടങ്ങളും അനുസരിക്കണം (6:17)
12. യഹോവയുടെ മുമ്പാകെ നന്മയായതും ന്യായമായതും ചെയ്യണം (6: 18, 19).

## വന്നവഴികളെ മറക്കരുത്

മറവി എന്നത് ദൈവം തന്ന ഒരു അനുഗ്രഹമാണെങ്കിലും മനുഷ്യൻ മറക്കാൻ പാടില്ലാത്ത ഒട്ടനവധി കാര്യങ്ങൾ ഉണ്ട്. അതിൽ ഒന്നാണ് ഇന്നെലകൾ. ധനസമൃദ്ധിയും, സ്ഥാനമാനങ്ങളും, പദവികളും, പാരിതോഷികങ്ങളും ദൈവം തരുമ്പോൾ ജീവിത വഴിത്താരയിൽ അഭിമുഖീകരിച്ച ദാരിദ്രത്തിന്റെയും കഷ്ടതയുടെയും അവഗണനയുടെയും ഇടുങ്ങിയ ദിനരാത്രങ്ങളെ മറക്കരുത്. കാരുണ്യവാനായ ദൈവം കരംപിടിച്ച് ഉയർത്തിയത് ഇന്ന സാഹചര്യത്തിൽ നിന്നായിരുന്നു എന്ന് ഞായറാഴ്ച സ്തോത്രം ചെയ്യുമ്പോൾ മാത്രമല്ല ദിനവും ഓർക്കണം,. അങ്ങനെ ഓർത്തെങ്കിൽ മാത്രമേ അഹമ്മതി ഇല്ലാതെ സഹജീവികളെ  ബഹുമാനിച്ചും കരുതിയും സ്നേഹിച്ചും ജീവിക്കാൻ സാധിക്കുകയുള്ളു. മോശെ തന്റെ പ്രഭാഷണത്തിലൂടെ ‍നീ മിസ്രയീം ദേശത്തു അടിമയായിരുന്നു എന്ന് നാല് പ്രവിശ്യവും (15:15, 16:12; 24: 18, 22), യഹോവ നിന്നെ വീണ്ടെടുത്തു എന്ന് രണ്ട് പ്രാവശ്യവും (15:5; 24:18) യിസ്രായേൽ മക്കളെ ഉദ്ബോധിപ്പിക്കുന്നു. മാത്രമല്ല യിസ്രായേൽ മക്കൾ മിസ്രയീമിൽ അടിമകളായിരുന്ന കാര്യവും ദൈവം വിടുവിച്ച വീര്യപ്രവർത്തികളും നടത്തിയ വഴികളും മക്കൾക്ക് പറഞ്ഞ് കൊടുക്കണമെന്നും ദൈവം കല്പിച്ചു (6: 20-22).

## അടുത്തിരിക്കുന്ന വചനം

മനുഷ്യ ജീവിതത്തിൽ ദൈവവചനത്തിന്റെ സ്ഥാനം വ്യക്തമായി പറയുന്ന പുസ്തകങ്ങളിൽ ഒന്നാണ് ആവർത്തന പുസ്തകം. ദൈവ കല്പനകൾ തന്റെ ജനമായ യിസ്രായേൽ എന്നും ഓർക്കാനും തന്റെ വഴികളെ വിട്ടുപോകാതെ എന്നും തന്നെ മാത്രം ആരധിക്കുവാനുമായി ദൈവം നൽകിയ വചനം വായിക്കണമെന്നും, രാവും പകലും ധ്യാനിക്കണമെന്നും അത് മക്കൾക്ക് പറഞ്ഞ് കൊടുക്കണമെന്നും പറയുന്നതിനോടൊപ്പം കനാനിൽ പണിയുന്ന വീടുകളുടെ കട്ടിളമേലും പടിവാതിലുകളിന്മേലും എഴുതണമെന്നും കല്പിക്കുകയുണ്ടായി (11:19,20). ‍ഈ വചനം അനുസരിച്ച് യിസ്രായേൽ മക്കൾ തങ്ങളുടെ വീടിന്റെ

കട്ടിളക്കാലിന്മേൽ ദൈവകല്പനകൾ തുകൽ സഞ്ചികളിലോ, ലോഹ നിർമ്മിതമായ പെട്ടികളിലോ നിക്ഷേപിച്ച് തൂക്കിയിടുമായിരുന്നു. അത് അറിയപ്പെട്ടിരുന്നത് 'മെസൂസ' എന്നാണ്. ഇന്ന് വില്പനശാലകളിൽ നിന്ന് ലഭിക്കുന്ന വാക്യങ്ങൾ വാങ്ങി വീടിന്റെ ചുമരുകളിൽ തൂക്കേണ്ടത് വീട്ടിൽ വരുന്ന അതിഥികൾ അതു വായിച്ചു നാം ആത്മീയരാണെന്ന് പറയാനാവാതെ നാം ആ വാക്യങ്ങളെ മറികടന്ന് ദൈവഹിതത്തിന് എതിരായി പോകാതിരിക്കാനും ദൈവത്തെ ആരാധിക്കാനും മഹത്വപ്പെടുത്താനുമാകണം. ദൈവം തന്റെ ജനത്തിനായി നൽകിയ വചനം മനുഷ്യന് മറഞ്ഞിരിക്കുന്ന വചനമല്ലെന്നും, ഇത് ദൂരത്തും, സ്വർഗ്ഗത്തിലും, സമുദ്രത്തിനപ്പുറത്തല്ലെന്നും അത് ഹൃദയത്തിലും വായിലും ഇരിക്കുന്നു എന്നും ദൈവം അരുളിചെയ്തു. ഈ വചനങ്ങൾ അപ്പോസ്തലനായ പൗലൊസ് റോമർക്ക് ലേഖനം എഴുതിയപ്പോൾ ഉദ്ദരിക്കുകയുണ്ടായി (10:8). ഈ വാക്യം ഇന്ന് ആക്ഷരികമായി നിറവേറുന്നു. വചനം വായിക്കാനായി കടൽ കടന്നുപോയി മറ്റൊരു ഭാഷ പഠിക്കേണ്ട കാര്യമൊന്നുമില്ല. കാരണം ഇന്ന് എല്ലാം അച്ചടി ഭാഷകളിലേക്കും ബൈബിൾ തർജ്ജിമ ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു ബൈബിളിന്റെ തർജ്ജിമയാണ് പല ഭാഷകൾക്കും ലിപി ഉണ്ടാവാനുള്ള കാരണം. പാല ഭാഷകളിലും ആദ്യം അച്ചടിക്കപ്പെട്ട പുസ്തകം ബൈബിൾ തന്നെയാണ്.

നാം ആദ്യം അമ്മേ എന്ന് വിളിച്ച ഭാഷയിൽ നമ്മുടെ കരങ്ങളിൽ ദൈവവചനം ലഭ്യമായതിനാൽ നമുക്ക് ചില കടപ്പാടുകൾ ആ വചനത്തോടുണ്ട് അവ 1. പരസ്യമായി നാം വായിക്കണം (ആവ. 31: 11–13; പ്രവൃതത്ത 13: 15, 17). 2. രഹസ്യമായി വായിക്കണം (എബ്രാ. 2:2, വെളി. 1: 2), 3. ധ്യാനിക്കണം (യോശു. 1:28, സങ്കീ. 1:2,3). 4. പഠിക്കണം (2 തിമൊ. 2: 15, 3:16, 17). 5. പരിശോധിക്കണം (യോഹ. 5: 39), 6. വിശദീകരണം (നെഹ. 8:8), 7. കേൾക്കുകയും അനുസരിക്കുകയും വേണം (ആവ. 30:11), 8. താല്പര്യപ്പെടണം (1 പത്രൊ. 2: 1–3), 9. പ്രസംഗിക്കണം (മർക്കോ. 16: 15, 2 തിമൊ. 4: 2), 10. പഠിപ്പിക്കണം (ആവ. 6:7, 11: 19).

നൂറ്റാണ്ടുകൾക്ക് മുമ്പ് നൂറ്റാണ്ടുകൾകൊണ്ട് ദൈവാത്മാവിന്റെ സഹായത്താൽ മാനുഷിക കരങ്ങൾക്കൊണ്ട് രചിക്കപ്പെട്ട ബൈബിൾ രചിച്ചവരും മറ്റുഭാഷകളിലേക്ക് തർജ്ജിമ ചെയ്തവരും കാലയവനികയ്ക്ക് ഉള്ളിൽ മറഞ്ഞിട്ടും മായാതെ മറയാതെ മനുഷ്യമനസ്സുകൾക്ക് മശിഹായെ പരിജയപ്പെടുത്തി ജൈത്രയാത്ര തുടരുന്ന ബൈബിൾ അനേക ജീവിതത്തെ അനുഗ്രഹ സമ്പൂർണ്ണമാക്കി മാറ്റുന്നതിനാൽ വചനത്തോടുള്ള നമ്മുടെ കർത്തവ്യം നിറവേറ്റി നമുക്കും അനുഗ്രഹസമ്പൂർണ്ണമാകാം.

ധ്യാനചിന്ത

# സ്നേഹവാനായ പിതാവ്

മക്കളെ അവകാശമായി നല്കുന്ന ദൈവം അവരെ വളർത്തേണ്ടത് എങ്ങനെയാണെന്ന് തന്റെ വചനത്തിലൂടെ വ്യക്തമാക്കി തന്നിട്ടുണ്ട്. ന്യായപ്രമാണകാലത്ത് ഒരു മകൻ തന്റെ മാതാപിതാക്കളെ അനുസരിക്കാതെ ശാഠ്യക്കാരനും, ധിക്കാരിയുമായി ജീവിച്ചാൽ മാതാപിതാക്കൾ അവനെ പട്ടണത്തിലെ മൂപ്പന്മാരുടെ അടുക്കൽ കൊണ്ടുവന്നു കാര്യം ബോധിപ്പിക്കുകയും അവനെ പട്ടണത്തിലുള്ള എല്ലാവരും കല്ലെറിഞ്ഞു കൊല്ലുകയും വേണം (ആവ. 21: 18–21). ന്യായപ്രമാണകാലത്ത് ധിക്കാരിയായ മകനെ ശിഷയ്ക്ക് വിധിക്കുന്ന പിതാവിനെ നാം കാണുമ്പോൾ പുതിയനിയമത്തിൽ കർത്താവായ യേശുക്രിസ്തു പറഞ്ഞ ഉപമയിലെ പിതാവ് തികെച്ചും വ്യത്യസ്തനാണ്. തന്റെ മകൻ തന്നെ ധിക്കരിച്ചിട്ടും സ്വത്തെല്ലാം നശിപ്പിച്ചിട്ടും സ്നേഹത്തോടെ മകനായി കാത്തിരിക്കുന്നു. ന്യായപ്രമാണത്തിൽ ന്യായാധിപനായ ദൈവത്തെയും പുതിയ നിയമത്തിലെ ഈ ഉപമയിൽ കാരുണ്യവാനും സ്നേഹവാനുമായ ദൈവത്തെയും കാണുവാനായി സാധിക്കും (ലൂക്കോ. 15: 11–24). ധിക്കാരികളായ നമ്മെ തകർത്തുകളയാതെ നമ്മോടു കരുണ കാണിച്ച് സ്വന്തപുത്രനെ ആദരിക്കാതെ നമ്മുടെ മടങ്ങിവരവിൽ സന്തോഷിച്ച പിതാവ് നമ്മുടെ രക്ഷയുടെ പൂർത്തീകരണത്തിൽ (കർത്താവായ യേശുക്രിസ്തുവിന്റെ വീണ്ടും വരവിൽ) നമുക്കും തന്റെ ദൂതന്മാർക്കും ഒപ്പം സന്തോഷിച്ച് നമ്മെ ആദരിക്കുവാനായി പോകുന്നു (1 തെസ്സ. 4: 13–18, 2 തിമൊ. 6–8).

## ദീർഘായുസ്സ്

ചുരുക്കം ചില നാളുകൾ മാത്രമേ തനിക്ക് ഈ ലോകത്തിൽ ജീവിക്കുവാനായി ആയുസ്സുള്ളൂ എന്നറിയാമെങ്കിലും ആയിരും പൂർണ്ണ ചന്ദ്രന്മാരെ കണ്ട് സന്തുഷ്ഠനായി ജീവിക്കാൻ ആഗ്രഹിക്കുന്നവരാണ് മനുഷ്യൻ. ഒരിക്കൽ ഒരു വീട്ടിൽ വളരെ പ്രായംചെന്ന ഒരു അമ്മചിയുണ്ടായിരുന്നു. ഒരു ദിവസം തനിക്ക് എന്നും മുറുക്കുവാനായി അടയ്ക്കാ ഇടിച്ച് ചവയ്ക്കാൻ പരുവത്തിലാക്കി കൊടുക്കുന്ന കൊച്ചുമോനോടു ഇങ്ങനെ ചോദിച്ചു; മോനേ നീ മരിച്ചാൽ എനിക്ക് അര് മുറുക്കാൻ തരും ഒരു ചെറുകഥയുടെ സാരാംശം ഇവിടെ പരാമർശിച്ചതിനു കാരണം മരണം എന്ന മൂന്നക്ഷരത്തെ എത്രമാത്രം വെറുക്കുന്നു എന്നും ജീവിതം എന്ന മൂന്നക്ഷരം ഇഷ്ടപ്പെടുന്ന മനുഷ്യൻ ദീർഘായുസ്സിനായി എത്രമാത്രം ആഗ്രഹിക്കുന്നു എന്നും കാണിക്കുവാനാണ് 7 നിബന്ധനകൾ വ്യക്തമാക്കുന്നു. അവ :

1. യഹോവയായ ദൈവത്തെ മാത്രം സേവിക്കുക, വിഗ്രഹങ്ങളെ ആരാധിച്ച് വഷളത്വം പ്രവർത്തിക്കരുത് (4: 25, 26)
2. യഹോവയുടെ ചട്ടങ്ങളും കല്പനകളും പ്രമാണിക്കുക (4: 40)
3. മാതാപിതാക്കളെ ബഹുമാനിക്കുക (5: 6)
4. യഹോവയുടെ വഴികളിൽ നടക്കുക (5: 33)
5. യഹോവയെ ഭയപ്പെടുക (6: 1, 2)
6. ദൈവവചനം (ന്യായപ്രമാണം) വായിക്കുക, പ്രമാണിക്കുക (17: 20)
7. മൃഗങ്ങളോട് കരുണ കാണിക്കുക (22: 6)

# ബൈബിൾ ക്വിസ് –

## ആവർത്തനപുസ്തകം

**ബൈബിൾ കൂടുതലായി വായിക്കണം എന്ന ഉദ്ദേശത്തോടുകൂടെ തുടങ്ങിയിരിക്കുന്ന ഒരു പുതിയ പദ്ധതിയാണ് ബൈബിൾ ക്വിസ്. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം കണ്ടുപിടിക്കുന്നവർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്. 6 ലക്കം തീർന്നു കഴിയുമ്പോൾ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്നവർക്ക് പ്രത്യേക സമ്മാനവും ലഭിക്കുന്നതാണ്. ഉത്തരങ്ങൾ ഒരു വെള്ളക്കടലാസിൽ എഴുതി അയച്ചുതരിക.**

1. മരിക്കുന്നതുവരെ ആരെയാണ് ഉപേക്ഷിക്കാതിരിക്കാൻ സൂക്ഷിക്കേണ്ടത്?
2. യിസ്രായേൽ കരുണകാണിക്കേണ്ട മൂന്നു കൂട്ടർ?
3. യിസ്രായേൽ വെറുക്കാതിരിക്കേണ്ട രണ്ടു കൂട്ടർ?
4. കെട്ടാനിഷ്ടമില്ലാത്തവന്റേത് അഴിക്കണമെന്നാലെന്ത്?
5. ഒരു സ്ത്രീയെ ഒരു ജന്തുവിന് തുല്യം കണക്കാക്കിയിരിക്കുന്നു. സ്ത്രീയും ജന്തുവും ഏത്?
6. യിസ്രായേൽ പിറ്റേദിവസത്തേക്ക് മാറ്റാതെ അന്നു സന്ധ്യക്ക് മുമ്പ് തീർക്കേണ്ട രണ്ടു കാര്യം?
7. ഭീരുത്വം പകരുന്ന രോഗം പോലെ ഏങ്ങനെ ദോഷം ചെയ്യും?
8. വിളവിന്റെ ദശാംശം വർഷംതോറും ദൈവസന്നിധിയിൽകൊണ്ടുവരേണമോ?
9. യിസ്രായേലിന് പാറയിൽ നിന്ന് വെള്ളം കൊടുത്തതുപോലെ പാറയിൽ നിന്നു എണ്ണ കൊടുത്തിട്ടുണ്ടോ?
10. ലോകത്തിൽ ഒരാൾക്ക് മാത്രം വ്യത്യസ്തമായ ശവമടക്കു ലഭിച്ചു. ആർക്ക്?
11. യുദ്ധം ചെയ്ത് കീഴടക്കുന്ന പട്ടണങ്ങളിലെയെല്ലാം പുരുഷന്മാരെ കൊല്ലേണ്ടതിന്റെ ആവശ്യമെന്ത്?
12. യാക്കോബിനെക്കുറിച്ച് ഈ പുസ്തകം നൽകുന്ന വിശേഷണം?
13. യിസ്രായേൽ പാർത്ത മരുഭൂമിയിൽ നിന്ന് ഉയർന്ന പ്രദേശമായിരുന്നോ? താഴ്ന്ന പ്രദേശമായിരുന്നോ കനാൻ നാടു?
14. മറ്റൊരാൾക്ക് പകരമായി സ്ഥാനം ലഭിച്ച രണ്ടു പേർ?
15. യിസ്രായേലിനെ സമുദ്രമാർഗ്ഗം വഴിയായി ഏതു രാജ്യത്തേക്ക് കൊണ്ടുപോകാനിടയാകും എന്നാണ് ദൈവം മുന്നറിയിപ്പു നൽകിയത്?
16. ദൈവസന്നിധിയിൽ വഴിപാടു കഴിക്കാൻ കൊണ്ടുവരുന്ന ചെമ്മരിയാടിന്റെ പ്രധാന പ്രത്യേകതയെന്ത്?
17. യിസ്രായേലിനെ വഴിനടക്കാൻ അനുവദിക്കാതിരുന്നതിനാൽ ദൈവം നശിപ്പിച്ച രാജ്യം?
18. ലോഹംകൊണ്ടുള്ള ഒരു ഉപകരണത്തോടുപമിക്കപ്പെട്ട രാജ്യം?
19. അന്യജാതിക്കാരെ വിവാഹം ചെയ്താലുണ്ടാകുന്ന പ്രധാന ദോഷം?
20. ഒരു യിസ്രായേല്യനോട് ഒരു മിദ്യാന്യൻ പണം വായ്പവാങ്ങിയിരുന്നു ഏഴാം വർഷം അത് ഇളച്ചുകൊടുക്കേണമോ?
21. വെള്ളത്തിൽ വീണുചത്ത ആടിനെ തിന്നരുത് വില്ക്കാമോ?
22. മോശെ എത്രദിവസം ഭക്ഷണപാനിയങ്ങൾ കഴിക്കാതെയിരുന്നു?
23. കാട്ടിലൊളിച്ച കനാന്യജാതികളെ എന്തുകൊണ്ടാണ് ഒറ്റയടിക്കു ദൈവം നശിപ്പിക്കാതിരുന്നത്?
24. യിസ്രായേലിന്റെ ശത്രുക്കളെ ദൈവം ഒരു ജീവിയെ ഉപയോഗിച്ച് തുരത്തും ഏതു ജീവി?
25. ദൈവം ക്ഷണത്തിൽ ശിക്ഷകൊടുക്കുന്ന പാപമേതു?



# പദപ്രശ്നം 5/6

## വലത്തോട്ട്

1. എവിടെവെച്ചാണ് രാജാക്കന്മാരായ ഓഗിനെയും സിംഹോനെയും സംഹരിച്ചത്? (4)
2. ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ .................... ഏപ്പോഴും അതിന്മേൽ ഇരിക്കുന്നു. (5)
3. ഒരു മനുഷ്യൻ തന്റെ മകനെ ശിഷിച്ചു വളർത്തുന്നതുപോലെയാണ് യഹോവ യിസ്രായേൽ ജനത്തെ ശിഷിച്ചു വളർത്തിയതെന്ന് അവർ മനസ്സിൽ ................. ? (6)
4. യിസ്രായേലിന്റെ ഒരു നേതാവ് അവരെ അറിയുന്ന നാൾ മുതൽ അവർ എങ്ങനെയുള്ളവർ ആയിരുന്നു? (5)
5. യിസ്രായേൽ മക്കൾ കനാന്യരുടെ എന്താണ് തകർക്കേണ്ടത്? (4)
6. യിസ്രായേൽ മക്കൾ കനാന്യരുടെ എന്താണ് വെട്ടിക്കളയേണ്ടത്? (7)
7. മോശെ എവിടെവച്ചു പറഞ്ഞ വചനങ്ങളാണ് ആവർത്തനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്? (5)
8. കനാൻ യഹോവ എന്ത് ചെയ്യുന്ന ദേശമാണ് (6)
9. ദരിദ്രനായ സഹോദരന്റെ നേരെ ഹൃദയം എന്ത് ചെയ്യരുത് (7)
10. യഹോവയുടെ കല്പനകൽ കാത്തുകൊണ്ടാൽ യിസ്രായേൽ ജനം എങ്ങനെയുള്ളവരായിരിക്കും (9)
11. കനാനിലെ 7 മഹാജാതികളോടു എന്ത് കാണിക്കരുത് (2)
12 കനാന്യർ തങ്ങളുടെ പുത്രിപുത്രന്മാരെ ദേവന്മാർക്കായി എന്ത് ചെയ്തു (6)

## താഴോട്ട്

A. മാംസം ഇഷ്ടംപോലെ ഭക്ഷിക്കുമ്പോൾ രക്തം ഭക്ഷിക്കാതിരിപ്പാൻ എന്തായിരിക്കണം (8)

B. യിസ്രായേല്യരെ അവരുടെ ദൈവത്തിൽ നിന്ന് അകറ്റി കളയുന്നവരെ എന്ത് ചെയ്യണം? (6)

C. യിസ്രായേൽ ജനം ഹൃദയത്തിന്റെ അഗ്രചർമ്മം പരിച്ഛേദന ചെയ്തതിനുശേഷം എങ്ങനെയുള്ളവർ ആകരുത്? (7)

D. കനാനിലെ 7 മഹാജാതികളെ കീഴടക്കി അവരെ എന്ത് ചെയ്യണം (10)

E. ബാശാൻ രാജാവായ ഓഗിന്റെ ദേശങ്ങളെ കീഴടക്കിയ യിസ്രായേൽ ജനം നാല്ക്കാലികൾ ഒപ്പം അവരുടെ ...............കൊള്ളയിട്ടു (4)

F. യിസ്രായേൽ ജനം ഏതു മനോഭാവത്തോടെയാണ് അമേര്യർ പാർത്തിരുന്ന പർവ്വതത്തിലേക്ക് കയറിപ്പോയത് (6)

G. യിസ്രായേൽ രാജാവു ......... ഒക്കെയും ന്യായപ്രമാണം വായിക്കണം (5)

H. യഹോവയുടെ കല്പന എങ്ങനെയുള്ളതല്ല? (7)

I. യിസ്രായേൽ മക്കൾ കനാന്യരുടെ എന്താണ് തീയിൽ ഇട്ടു ചുട്ടുകളയേണ്ടത്? (9)

J. കനാന്യരുടെ വിഗ്രഹങ്ങളുടെ മേലുള്ള വെള്ളിയും പൊന്നും എടുക്കരുതാത്തത് എന്തുകൊണ്ട്? (11)

K. യഹോവയുടെ വലകൈയിൽ എങ്ങനെയുള്ള പ്രമാണമാണ് ഉണ്ടായിരുന്നത് (8)

L. യഹോവ .................. തന്നേ? (3)

M. നീണ്ട 40 വർഷം യിസ്രായേൽ മക്കളുടെ കാലിനു എന്ത് സംഭവിച്ചില്ല? (4)

**ശരിഉത്തരം അയയ്ക്കേണ്ട അവസാന തീയതി – ആഗസ്റ്റ് 25.**

# ദൈവജനം


മിസ്രയീമ്യ അടിമത്വത്തിൽ നിന്ന് വീണ്ടെടുക്കപ്പെട്ട് സ്നാനത്തിന്റെ നിഴലായ ചെങ്കടൽ കടന്ന് അന്യജാതികളുടെ ബന്ധം സ്ഥാപിക്കാതെ യഹോവയുടെ കല്പനകൾ പ്രമാണിച്ച് നടക്കുന്നവരാണ് ദൈവജനം. ഇന്ന് കർത്താവായ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച് പിശാചിന്റെ അടിമത്വത്തിൽ നിന്ന് വീണ്ടെടുക്കപ്പെട്ട് കർത്താവിന്റെ കല്പനയായ സ്നാനം സ്വീകരിച്ചവരാണ് ദൈവജനം. ഈ ജനത്തിന്റെ മൂന്ന് പ്രത്യേകതകൾ ഇവയാണ്:

1. ദൈവത്തോടു പറ്റിച്ചേർന്ന് നില്ക്കും (10: 20; 11: 22) കല്ലുകളും മുള്ളുകളും നിറഞ്ഞ സങ്കീർണ്ണമായ ജീവിതമാണ് ക്രിസ്തീയ ജീവിതം. മരണ നിഴൽ താഴ്വരയോ, കത്തുന്ന തീച്ചൂളയോ, സിംഹക്കുഴിയ്ക്കോ, മരണത്തിനോ, ജീവനോ, ദൂതന്മാർക്കോ, വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ, ഒന്നും ദൈവത്തിൽ നിന്ന് ദൈവജനത്തെ പിരിക്കുവാൻ സാധിക്കുകയില്ല. അവർ ക്ക് എന്ത് വന്നാലും ദൈവത്തോടു പറ്റിനില്ക്കും.

2. ദൈവത്തെ ഭയപ്പെടും (4: 10) എങ്ങനെയെങ്കിലും ജീവിക്കാതെ അവരുടെ കർത്താവും ദൈവവുമായവനേ സേവിച്ചും അവന്റെ രാജ്യം ശ്രവിച്ചും കല്പന പ്രമാണിച്ചും അവനെ ഭയപ്പെട്ട് ജീവിക്കും.

3. ദൈവത്തിന്റെ വഴികളിൽ നടക്കും (5: 6) സ്വന്ത വഴികളിൽ നടക്കുന്നത് ആപത്തിലെ അവസാനിക്കൂ എന്ന് മനസ്സിലാക്കി സ്വന്ത വിവേകത്തിൽ ഊന്നാതെ കർത്താവിൽ എല്ലാം ഭരമേല്പിച്ച് അവന്റെ വഴികളിൽ മാത്രം നടക്കും, കർത്താവിന്റെ കാൽപാടുകളെ പിൻപറ്റും.

# പദപ്രശ്നം 5/6




പേര് ..........................................................

സ്ഥലം സഭ ..............................................

വിലാസം ..................................................

# കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

**വലത്തോട്ട്**

1 അശുദ്ധമാക്കരുത്
2. വിചാരകന്മാരായി
3. ശിമെയോൻ
4. പ്രഭുക്കന്മാർ
5. സമാഗമനകൂടാരത്തിൽ
6. സാമാധാനനിയമം
7. അഥാരിം
8. പ്രായശ്ചിത്ത കർമ്മം
9. ഭക്തന്മാർ
10. സാരമില്ലാത്ത
11. ഗ്രഹത്തിൽ
12. ഹോർമ്മ

**താഴോട്ട്**

A. ശുദ്ധീകരിപ്പിൻ
B. കുറുതായിപ്പോയോ
C. മെരാരി
D. കഷ്ടത
E. വിശുദ്ധമന്ദിരം
F. നഗമ്പി
G. പ്രസാദിക്കുന്നു
H. അഭിമുഖമായിട്ടു
I. സങ്കേതനഗരങ്ങളായി
J. മിദ്യാന്യരോടു
K. വിരോധമായി
L. അരഹിൻ
M. അതികായന്മാർ
N. കലഹജലം
O. ജാഗ്രതർ
P. ഹരാദ

## കഴിഞ്ഞ ലക്കത്തിലെ വിജയികൾ

ജോയിസ് ബെന്നി മൂവാറ്റുപുഴ, മറിയാമ്മ തോമസ് മല്ലപ്പള്ളി, വിനിത ഉപ്പുകുന്ന്, റിറ്റി എടത്വ, സോജ ഉപ്പുകന്ന്, മോളി ഉപ്പുകുന്ന്, തോമസ് ശാസ്താംപാറ, ലീലാമ്മ ഉപ്പുകുന്ന്, ആശ ശാസ്താംപാറ, മിനി ശാസ്താംപാറ, റജി ശാസ്താംപാറ, ലിബിൻ ഉപ്പുകുന്ന്, ആനറ്റ് ശാസ്താംപാറ, ജോഫിയ ഉപ്പുകുന്ന്, ഷെർലി കരിമണ്ണൂർ, സുബി കരിമണ്ണൂർ, ഗ്രെയ്സ് കരിമണ്ണൂർ, ജിജി കരിമണ്ണൂർ, പ്രിനി ഉപ്പുകുന്ന്, കുഞ്ഞുമോൾ ആനിക്കാടു, എസ്ഥേർ എടത്വ, അലിഷ കരിമണ്ണൂർ, മോളി കരിമണ്ണൂർ, ജോമോൾ ഞാറക്കവല, ആൻവിൻ കരിമണ്ണൂർ, ത്രേസ്യാമ്മ എടത്വ, രാജമ്മ എടത്വ, നിഷ ഞാറക്കവല, ജിൻസി ഞാറക്കവല, സുജാത ഞാറക്കവല.

## കനാൻദേശം

പലും തേനും ഒഴുകുന്ന ദേശമെന്നാണ് കനാൻ ദേശത്തെ അത് യിസ്രായേൽമക്കൾക്ക് അവകാശമായി കൊടുത്ത ദൈവം വിശേഷിപ്പിച്ചത്. ആടുമാടുകൾക്കും കന്നുകാലികൾക്കും മേയുവാൻ പുല്പ്പുറങ്ങൾ അവിടെ ഉണ്ടായിരുന്നതുകൊണ്ട് ധാരാളമായി മൃഗസമ്പത്തും അവിടെ ഉണ്ടായിരുന്നു. ആയതിനാൽ പാൽ ധാരാളമായി ലഭിച്ചിരുന്നു. ഫലഭുഷ്ടമായ കനാൻ ദേശത്തെ കാർഷിക വിളകളും വൈവിധ്യമാർന്ന ചെടികളും തേനീച്ചകളെ സദാ ആകർഷിച്ചിരുന്നു. ഈ കാരണത്താൽ തേനും അവിടെ സമൃദ്ധിയായി ലഭിച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് കനാൻ ദേശത്തെ പാലും തേനും ഒഴുകുന്ന ദേശമെന്ന് അത്യുന്നതനായ ദൈവം വിളിച്ചത്. (കടപ്പാട്)

*ഉത്തരങ്ങൾ പൂരിപ്പിച്ച് അയയ്ക്കേണ്ട വിലാസം*

**Evg. Johnson Lazar**
**Uppukunnu, Kumminiyil House,**
**Moolakkadu P.O., Idukki - 685595**
**Ph: 9400181794 Email: trainermagazine13@gmail.com**

TRAINER

Private Circulation only

# പുരോഹിതന്മാർ

ലേവ്യകുടുംബത്തിൽ (ഗോത്രത്തിൽ) ജനിച്ച് ദൈവം മോശെ മുഖാന്തിരം നൽകിയ വ്യവസ്ഥകൾക്ക് ഒപ്പം യോഗ്യതകൾ ഉള്ളവരാണ് പുരോഹിതന്മാരും മഹാപുരോഹിതന്മാരുമായി മാറുന്നത് (17: 19, 18: 18: 1...)

## പുരോഹിതന്മാരുടെ ശുശ്രൂഷകൾ

1. ജനത്തിനുവേണ്ടി ദൈവത്തോടു ചോദിക്കുക (പുറ. 28:30, ലേവ്യ 8:8)
2. പെട്ടകം ചുമക്കുക (യോശുവ 3: 1–7; 1 ശമു. 4: 3–5)
3. സമാഗമനകൂടാര ശുശ്രൂഷയ്ക്ക് മേൽനോട്ടം വഹിക്കുക (സംഖ്യ 4: 5–15)
4. പുറപ്പെടുമ്പോൾ സമാഗമനകൂടാരം എടുക്കുകയും പാളയമടിക്കുമ്പോൾ നിർത്തുകയും ചെയ്യുക (സംഖ്യ 4: 5).
5. വിളക്കു തെളിയിക്കുകയും അത് അണയാതെ സൂക്ഷിക്കുകയും ചെയ്യുക (പുറ. 27: 20, 21, ലേവ്യ 6: 12, 13).
6. അഭിഷേക തൈലവും സുഗന്ധധൂപവും ഉണ്ടാക്കുക (പുറ. 30: 23)
7. ആശീർവദിക്കുക (സംഖ്യ 6: 22–27; ആവ. 21:5)
8. അശുദ്ധരെ ശുദ്ധീകരിക്കുക (ലേവ്യ 15: 31)
9. യാഗം അർപ്പിക്കുക (ലേവ്യ. 1–4, എബ്രാ. 10: 11)
10. രോഗ നിർണ്ണയവും ആരോഗ്യപരമായ നിർദ്ദേശങ്ങളും നിർവ്വഹിക്കുക (ലേവ്യ 14, 15)
11. ന്യായപ്രമാണം പഠിപ്പിക്കുക (ലേവ്യ 10: 11, ആവ. 24: 8, 27: 14)
12 ശാസ്ത്രിമാരുടെ ശുശ്രൂഷ ചെയ്യുക (എസ്രാ. 7: 1–6)
13. വിധികർത്താവായിരിക്കുക (സംഖ്യ. 5: 14–31, ആവ. 17: 8–13)
14. വിവിധതരം കാഹളങ്ങൾ ഊതുക (സംഖ്യ 10: 2, യോശു. 6)
15. ആദ്യഫലം അർപ്പിക്കുക (ലേവ്യ. 23: 10, 11, ആവ. 26: 3, 4)
16. ദശാംശ സംബന്ധമായ കാര്യങ്ങളുടെ മേൽനോട്ടം (നെഹ. 10: 38)

## പുരോഹിതന്മാർക്കുള്ള ഓഹരി

1. ദൈവം തന്നെ അവരുടെ ഓഹരി (സംഖ്യ. 18: 20)
2. യഹോവയ്ക്ക് നിവേദിതമായ ഭൂമി (ലേവ്യ. 27: 21)
3. ദാനമായി ലഭിച്ച പട്ടണങ്ങൾ (യോശു. 21)
4. യിസ്രായേല്യരുടെ ദശാംശം (ലേവ്യ. 27, സംഖ്യ. 18:8 – 32)
5. ആദ്യഫലങ്ങൾ (ലേവ്യ. 23: 20, 24: 9)
6. സമർപ്പണ വസ്തുക്കൾ (ലേവ്യ. 27: 21, സംഖ്യ 5: 9)
7. കാഴ്ചയപ്പം (പുറ. 25: 30, ലേവ്യ 24: 5–9)
8. യാഗങ്ങളുടെയും വഴിപാടുകളുടെയും ഓഹരി (പുറ. 29)
9. വീണ്ടെടുപ്പുവില (ലേവ്യ 27 : 23)
10. യുദ്ധത്തിന്റെ ഓഹരി (സംഖ്യ. 31: 25–29)
11. പിഴ (ലേവ്യ. 5: 16; 22: 14, സംഖ്യ 5: 8)